(ബി) വെച്ചൂർ (കോട്ടയം) തകഴി (ആലപ്പുഴ), ആലത്തൂർ (പാലക്കാട്) എന്നിവിടങ്ങളിലാണ് റൈസ് മില്ലുകൾ സ്ഥാപിക്കുന്നത്.

(സി) ദിവസം 40 മെട്രിക് ടൺ നെല്ല് അരിയാക്കുക എന്നതാണ് ഉദ്ദേശിക്കുന്ന കപ്പാസിറ്റി. എല്ലാ മില്ലുകളുടേയും തറക്കല്ലിട്ടു കഴിഞ്ഞു. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

109 (1075) നാളികേരത്തിന്റെയും റബ്ബറിന്റെയും ഉല്പാദനചെലവ്

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നാളികേരത്തിന്റെ ഉല്പാദനചെലവ് ശരാശരി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് റബ്ബറിന്റെ ഉല്പാദനചെലവ് ശരാശരി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഉല്പാദനച്ചെലവ് കണക്കാക്കുന്നത് കൃഷിസ്ഥലത്തിന്റെ വിലയും അതിന്റെ പലിശയും കൂടി കണക്കിലെടുത്താണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഉല്പാദനച്ചെലവ് കണക്കിലെടുത്ത് കൃഷി നിലനിറുത്തുവാൻ സാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) കൃഷി ലാഭകരമായി തുടരാൻ പുതിയ പരിപാടികളെന്തെങ്കിലും രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം എന്നറിയിക്കുമോ?

ഉത്തരം

(എ) അഞ്ചുരൂപ പത്തൊമ്പതു പൈസ

(ബി) കൃഷി വകുപ്പ് കണക്കാക്കിയിട്ടില്ല.

(സി) ഭൂമിയുടെ ലിസ് തുക കൂടി കണക്കിലെടുക്കാറുണ്ട്.

(ഡി) ശാസ്ത്രീയ പഠനം നടത്തിയിട്ടില്ല എന്നാൽ നെല്ല് ഒഴികെയുള്ള കൃഷികളെല്ലാം ലാഭകരമാണെന്ന് കണക്കാക്കുന്നു. സർക്കാർ നൽകുന്ന വിവിധ ആനുകൂല്യങ്ങൾ കൂടി കണക്കിലെടുത്താൽ, നെൽക്കൃഷിയും ലാഭമാണെന്ന് കണ്ടെത്താൻ കഴിയും. ഈ സാഹചര്യത്തിൽ കൃഷി ഇന്നത്തേതിനെക്കാൾ മെച്ചമാകാനാണ് സാധ്യത.

(ഇ) കൃഷി ലാഭകരമാക്കുന്നതിന് ഗവൺമെന്റ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. അധികം താമസിയാതെ ഗവൺമെന്റ് രൂപം നൽകുന്ന കാർഷികനയം പ്രാവർത്തികമാക്കുന്നതോടെ സംസ്ഥാനത്തെ കാർഷികമേഖല പുഷ്ടിപ്പെടുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly